# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1231 — 21.03.2013 ൽ - മറുപടിക്ക്

### റേഷൻ വിതരണത്തിലെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. അച്ചുതൻ :<br>,, കെ. ശിവദാസൻ നായർ :<br>,, റ്റി. എൻ. പ്രതാപൻ :<br>,, സണ്ണി ജോസഫ് : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റേഷൻ വിതരണം പൂർണ്ണമായി കമ്പ്യൂട്ടർ വൽക്കരിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;<br><br>(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതു വഴി നിലവിലുള്ള റേഷൻ വിതരണത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (ബി) & (സി) | 1. ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക.<br>2. എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർ വൽക്കരിക്കുക.<br>3. യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ സാധനങ്ങൾ കൃത്യമായ അളവിൽ റേഷൻകടകളിലൂടെ നൽകുന്നതിനുള്ള സംവിധാനം തയ്യാറാക്കുക.<br>4. സുതാര്യമായ പരാതി / പരിഹാര സംവിധാനം ഒരുക്കുക.<br><br>മേൽ പദ്ധതി നടപ്പാക്കുന്നതിലൂടെ പൊതുവിതരണ രംഗത്തെ അഴിമതി, റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, വ്യാജ റേഷൻ കാർഡുകളുടെ ഉപയോഗം എന്നിവ പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കും. ഇതുവഴി പൊതുവിതരണ ശൃംഖല പൂർണ്ണമായി സുതാര്യമാകുന്നതാണ്. |
| (ഡി) പ്രസ്തുത പദ്ധതി എന്നു മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; | (ഡി) | കേരളത്തിൽ മേൽ പദ്ധതിയുടെ പ്രാരംഭ ഘട്ടമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ digitize ചെയ്യുന്ന ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടമായ എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഇ) പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്ന കേന്ദ്ര സഹായങ്ങൾ എന്തെല്ലാമാണ്? | (ഇ) | കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട മാനദണ്ഡ പ്രകാരമുള്ള പദ്ധതി ചെലവിന്റെ 50% കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കുകയും അധികമായി ആവശ്യം വരുന്ന ചെലവുകൾ സംസ്ഥാനം വഹിക്കുകയും ചെയ്യേണ്ടതാണ്. |

സെക്ഷൻ ഓഫീസർ